<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. മെ.വി.വ. /3476(3)/2023-എഫ്4** **തീയതി: 04-01-2025**

സ്വീകർത്താവ്,

ഡയറക്ടർ
പബ്ലിക് റിലേഷൻസ് വിഭാഗം
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ/മാഡം,

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്-ജീവനക്കാര്യം-ഡോ.കാസിം യാസിർ, അസിസ്റ്റന്റ് പ്രൊഫസർ, നേത്രരോഗ വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, വയനാട്-അച്ചടക്ക നടപടി- നോട്ടീസ് -അനുബന്ധം എച്ച്4, അനുബന്ധം എച്ച് 5 മാതൃകയിൽ നോട്ടീസ് പ്രസിദ്ധീകരിക്കാൻ നടപടി- സംബന്ധിച്ച്

സൂചന : **1. 15.01.2024** ലെ മെ.വി.വ. /**3476/2023**-എഫ്4 നം. കുറ്റപത്രം, കുറ്റാരോപണ പത്രിക

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വയനാട് സർക്കാർ മെഡിക്കൽ കോളേജിലെ നേത്രരോഗ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. കാസിം യാസിർ നിരീക്ഷണ സേവനകാലയളവിൽ **20.05.2023** മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ ടിയാൾക്ക് എതിരായ നോട്ടീസ് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് അനുബന്ധം എച്ച്4, അനുബന്ധം എച്ച് 5 മാതൃകയിൽ ഇതോടൊപ്പം അയയ്ക്കുന്നു. ഉചിത മേൽ നടപടി സ്വീകരിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Thomas Mathew
Date: 04-01-2025 06:31:31

THOMAS MATHEW
DIRECTOR

ഉള്ളടക്കം: മേൽ പറഞ്ഞവ

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.മെ.വി.വ. /3476(2)/2023-എഫ്4** **തീയതി: 04-01-2025**

| |
|---|
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്<br><br>വിൻഡോ നമ്പർ ഐ പി ആർ ഡി ....................................<br><br>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്<br>കേരളം, തിരുവനന്തപുരം<br><br>**20.05.2023** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത വയനാട് സർക്കാർ മെഡിക്കൽ കോളേജിലെ നേത്രരോഗ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ.കാസിം യാസിർ- ക്ക്  എതിരായ അച്ചടക്ക നടപടി. പ്രതിവാദ പത്രിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ലഭിക്കേണ്ടതാണ്.<br><br>വിശദ വിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക. |

Signed by
Thomas Mathew
Date: 04-01-2025 06:32:10

**THOMAS MATHEW**

**DIRECTOR**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,

dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. മെ.വി.വ. /3476(1)/2023-എഫ്4** **തീയതി: 04-01-2025**

**അനുബന്ധം എച്ച് 4**

**നോട്ടീസ്**

വയനാട് സർക്കാർ മെഡിക്കൽ കോളേജിലെ നേത്രരോഗ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ അയ ഡോ. കാസിം യാസിർ എന്ന താങ്കൾക്ക് എതിരായ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ വയനാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം രജിസ്റ്റേഡ് ആയി അയച്ചിട്ടുണ്ടായിരുന്നു. ആയതിൽ സേവന നിരീഷണകാലയളവിൽ 20.05.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന താങ്കളെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾസ് 19(എ) പ്രകാരം സേവന നിരീക്ഷണം അവസാനിപ്പിച്ച് സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനും സർക്കാരിലേയ്ക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനും തീരുമാനിച്ചതായി അറിയിക്കുകയും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ആയിട്ടും താങ്കൾ കാരണം ബോധിപ്പിക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്ക് എതിരായ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ സേവനനിരീക്ഷണത്തിലുള്ള താങ്കളെ ആയത് അവസാനിപ്പിച്ച് സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള അന്തിമ നടപടികൾ സ്വികരിക്കുന്നതാണ്. താങ്കൾക്ക് എതിരായ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ അനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ഓഫീസ് പ്രവർത്തനസമയത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടോ ആയത് അയയ്ക്കേണ്ട വ്യക്തമായ മേൽ വിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചോ കൈപ്പറ്റാവുന്നതാണ്.

Signed by
Thomas Mathew
Date: 04-01-2025 06:32:43

**THOMAS MATHEW**

**DIRECTOR**

I/207088/2024

<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ.എഫ്4/3476(2)/2023/ മെ.വി.വ. തീയതി:15-01-2024

<u>കുറ്റപത്രം</u>

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ നേത്രരോഗ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയി 19.05.2023 ജോലിയിൽ പ്രവേശിച്ച താങ്കൾ നിശ്ചിത മാതൃകയിലല്ലാതെയും കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെയും പഠനാവശ്യത്തിനുള്ളതായ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചിരുന്നു. പഠനാവശ്യത്തിനുള്ളതായ ശൂന്യവേതനാവധി സമർപ്പിച്ച ശേഷം നിർദ്ദേശം നൽകിയിട്ടും നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കാതെയും ജോലിയിൽ തിരികെ പ്രവേശിക്കാതെയും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയാണ്. സർവിസ് പോലും ക്രമപ്പെടുത്താതെ സേവന നിരീക്ഷണ കാലയളവിലുള്ള താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവിസ് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആയതിനാൽ താങ്കൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ കുറ്റപത്രം നൽകുന്നു.

Signed by
Thomas Mathew
Date: 15-01-2024 20:56:32

Dr.Thomas Mathew
Director of Medical Education

സ്വീകർത്താവ്

ഡോ.കാസിം യാസിർ.കെ എം, അസിസ്റ്റന്റ് പ്രൊഫസർ, നേത്രരോഗ വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, വയനാട്(പ്രിൻസിപ്പാൾ മുഖാന്തിരം)

I/207089/2024

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ.എഫ്4/3476(1)/2023/ മെ.വി.വ. തീയതി:15-01-2024

ആരോപണ പത്രിക

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ നേത്രരോഗ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയി 19.05.2023 ജോലിയിൽ പ്രവേശിച്ച ഡോ.കാസിം യാസർ.കെ.എം. എന്ന താങ്കൾ ഫെല്ലോഷിപ് ചെയ്യുന്നതിനുള്ള പഠനാവശ്യത്തിനായി 20.05.2023 മുതൽ ശൂന്യ വേതനാവധിയ്ക്ക് നിശ്ചിത മാതൃകയിലല്ലാതെയും കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെയും അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പഠനാവശ്യത്തിന് നിശ്ചിത മാതൃകയിൽ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല. 20.05.2023 മുതൽ 18.06.2023 വരെ അവധിയ്ക്ക് അപേക്ഷിച്ച താങ്കൾ പ്രസ്തുത കാലയളവ് കഴിഞ്ഞ് മാസങ്ങൾ ആയിട്ടും ജോലിയിൽ തിരികെ പ്രവേശിക്കുകയോ അധികാരികളുടെ നിർദ്ദേശങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മേലധികാരികളുടെ നിർദ്ദേശങ്ങൾക്ക് വ്യക്തമായ മറുപടി നൽകാതെ അവധി ആവശ്യപ്പെട്ട കാലാവധിക്കു ശേഷവും കർത്തവ്യ നിർവഹണത്തിൽ നിന്നും വിട്ടു നിന്ന് സർവിസ് പോലും ക്രമപ്പെടുത്തിയിട്ടില്ലാത്ത താങ്കൾ ഗുരുതരമായ അച്ചടക്ക ലംഘനവും സർവിസ് പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമായ പ്രവൃത്തിയാണ് സ്വീകരിച്ചിരിക്കുന്നത്. ആയതിനാൽ താങ്കൾക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

താങ്കൾക്കെതിരെ 1960 ലെ കേരള സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ നിഷ്കർഷിച്ച പ്രകാരമുള്ള ശിക്ഷ നടപടികൾ സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് രേഖാമൂലം സമർപ്പിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു.താങ്കൾക്ക് പ്രതിവാദ പത്രിക നൽകാനായി ഈ കുറ്റാരോപണ പത്രിക ലഭിക്കുന്ന തീയതി മുതൽ 15 ദിവസത്തെ സമയം അനുവദിക്കുന്നു.നിർദ്ദേശിച്ച സമയത്തിനുള്ളിൽ പ്രതിവാദ പത്രിക ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണ്.താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് കൂടി അറിയിക്കേണ്ടതാണ്.അരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത രേഖകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ച് പ്രതിവാദ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്കു മുൻപുള്ള ഏതെങ്കിലും ദിവസം മുൻ കൂട്ടി നിശ്ചയിച്ച് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സാന്നിധ്യത്തിൽ അവയിൽ നിന്നുള്ള ഉദ്ധരണികൾ എഴുതി എടുക്കാവുന്നതുമാണ്.

മേൽ പറഞ്ഞവയ്ക്ക് ആധാരമായ കുറ്റപത്രം ഇതോടൊപ്പം ചേർക്കുന്നു.

Signed by
Thomas Mathew
Date: 15-01-2024 20:56:58

Dr.Thomas Mathew

Director of Medical Education